## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3087 — 19.06.2018- ൽ മറുപടിയ്ക്ക്

### ജൈവ പച്ചക്കറി ഉത്പാദനം

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | | ഉത്തരം<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും, ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;<br><br>(ബി) ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ? | (എ)<br>&<br>(ബി) | സംസ്ഥാനത്തെ കർഷകരുടെ ഉൽപ്പന്ന ങ്ങൾക്ക് ന്യായവില ലഭിയ്ക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം അവസാനി പ്പിക്കുന്നതിനും വിവിധ പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന വിപണി വില ലഭിയ്ക്കുന്നതിനായി കാർഷിക സംസ്കരണ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വൈഗ എന്ന പേരിൽ ശില്പശാലയും പ്രദർശനവും സംഘടിപ്പിക്കുക വഴി യുവാക്കളെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചു. അഗ്രോ പാർക്കുകൾ സ്ഥാപിക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു. തൃശ്ശൂർ അഗ്രോ പാർക്ക് നിർമ്മാണ ഘട്ടത്തി ലാണ്.<br><br>പൊതു മേഖലാ സ്ഥാപനങ്ങളുടേയും കർഷകരുടേയും ഉൽപ്പന്നങ്ങൾ വിറ്റഴി ക്കുന്നതിനും കർഷകർക്ക് ആവശ്യമായ ഉൽപ്പാദനോപാദികൾ ലഭ്യമാക്കുന്നതിനും തൃശ്ശൂരും എറണാകുളത്തും അഗ്രോ ബസാറുകൾ സ്ഥാപിച്ചു. മറ്റ് പ്രധാന കേന്ദ്രങ്ങളിലും അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>റബ്ബർ കർഷകർക്ക് വിലയിടിവിൽ നിന്നും സംരക്ഷണം നൽകുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി പ്രകാരം നിശ്ചിത വില ഉറപ്പാക്കി വരുന്നു. റബ്ബറിന്റെ മൂല്യ വർദ്ധനവ് ലക്ഷ്യ മാക്കി സർക്കാരിന്റെ നേതൃത്വത്തിൽ CIAL മാതൃകയിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>നാളികേര കർഷകർക്ക് ആശ്വാസ മായി പച്ചത്തേങ്ങാ സംഭരണം |

പുന:ക്രമീകരിച്ച് സഹകരണ സംഘങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ കുടുബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവ വഴി സംഭരിച്ച് കൊപ്രയാക്കി കേരഫെഡിന് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

സപ്ലൈക്കോ മുഖേന നെല്ല് സംഭരണം നടത്തുന്നതിനാൽ കർഷകർക്ക് യഥാസമയം നെല്ല് വിറ്റഴിക്കുന്നതിനും വിപണി വിലയേക്കാൾ ഉയർന്ന വില ലഭിക്കുന്നതിനും സാധിക്കുന്നു. ഇതിനു പുറമെ ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ കീഴിലുള്ള വെച്ചൂർ മോഡേൺ റൈസ് മില്ലും ഉയർന്ന വിലയിൽ നെല്ല് സംഭരിക്കുന്നു. യഥാസമയം കർഷകർക്ക് നെൽ വില ലഭ്യമാക്കുന്നതിനായി PRS ലോൺ പദ്ധതി നടപ്പിലാക്കി. ചെറുകിട കർഷകർക്കും പാടശേഖര സമിതികൾക്കും തങ്ങൾ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി ചെറുകിട റൈസ് മില്ലുകൾ സ്ഥാപിച്ചു.

പച്ചക്കറി കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണ നിലവാരമുള്ള പച്ചക്കറി ലഭ്യമാക്കുന്ന തിനുമായി ഓണ സമൃദ്ധി, വിഷുക്കണി എന്നീ ഉത്സവകാല വിപണന പദ്ധതികൾ ആരംഭിച്ചു. കൃഷി വകുപ്പിന്റേയും. ഹോർട്ടി കോർപ്പിന്റേയും വി.എഫ്.പി.സി.കെ യുടേയും വിപണന സംവിധാനം വഴി കർഷകരുടെ ഉല്പന്നം മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്തു. ഹോർട്ടീകോർപ്പ് ശീതകാല പച്ചക്കറി മേഖലയായ വട്ടവടയിൽ പ്രത്യേക സംഭരണ സംവിധാനം ആരംഭിച്ചു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി കർഷർക്ക് മിതമായ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതി നായി വട്ടവടയിൽ ഗ്രാമീൺ ബാങ്കിന്റെ ശാഖ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ